**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യ വകുപ്പിന്റെ 2018-19 വർഷത്തെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും 20% തുക കുറവ് വരുത്തിയും പദ്ധതികളുടെ മുൻഗണന പുനർനിശ്ചയിച്ചും പുതുക്കിയ ഭരണാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നം.467/2019/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 28/02/2019

---

പരാമർശം :- (1) ജി.ഒ.(ആർ.ടി.)നം.1705/ 2018/ത.സ്വ.ഭ.വ. തീയതി 23/06/2018.

(2) ജി.ഒ.(ആർ.ടി.)നം.2339/2018/ത.സ്വ.ഭ.വ. തീയതി 01/09/2018.

(3) ജി.ഒ.(ആർ.ടി.)നം. 190/2019/ത.സ്വ.ഭ.വ. തീയതി 29/01/2019.

(4) ജി.ഒ.(പി.) 5/2019/ഫിൻ. തീയതി 21.01.2019.

(5) നഗരകാര്യ ഡയറക്ടറുടെ 05.02.2019 ലെ ഡി.സി.2-18784/2017 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം(4)-ലെ സർക്കാർ ഉത്തരവ് പ്രകാരം 2018-19 വർഷത്തെ നഗരകാര്യ വകുപ്പിന്റെ മൊത്തം ബഡ്ജറ്റ് വിഹിതമായ 76.66 കോടി രൂപയുടെ 20% തുകയായ 15.33 കോടി രൂപ കുറവ് വരുത്തിയും തദനുസരണം പുതുക്കിയ ഭരണാനുമതി നൽകിയും പദ്ധതികളുടെ മുൻഗണന പുനർനിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. ഇതിനായി നഗരകാര്യ ഡയറക്ടർ പരാമർശം (5) പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ വകുപ്പിന്റെ 2018-19 വർഷത്തെ മൊത്തം ബഡ്ജറ്റ് വിഹിതമായ 76.66 കോടി രൂപയുടെ 20% തുകയായ 15.33 കോടി രൂപ കുറവ് വരുത്തിയും പദ്ധതികളുടെ മുൻഗണന പുനർനിശ്ചയിച്ചും പുതുക്കിയ ഭരണാനുമതി നൽകിയും ചുവടെ ചേർത്തിരിക്കും പ്രകാരം ഉത്തരവാകുന്നു.

| പദ്ധതിയുടെ പേരും ശീർഷകവും | കുറവ് വരുത്തുന്ന തുക (ലക്ഷത്തിൽ) | റിമാർക്സ് /തീരുമാനം |
|---|---|---|
| നഗരസഭകൾക്ക് നൂതനമായ ആശയങ്ങൾ നൽകൽ. (2217-80-800-64) | 20.00 | പദ്ധതി പൂർണ്ണമായും ഒഴിവാക്കുന്നു. |
| നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം സ്ഥിരംതൊഴിലാളികളുടെ ഭവനവായ്പയുടെ പലിശ സബ്സിഡി (2217-05-800-70) | 100.00 | പദ്ധതി പൂർണ്ണമായും ഒഴിവാക്കുന്നു. |
| ഇൻസെന്റിവൈസിംഗ് ഡിസ്ട്രിക്ട് പ്ലാൻ (2217-05-800-69) | 1000.00 | പദ്ധതി പൂർണ്ണമായും ഒഴിവാക്കുന്നു. |

| | | |
|---|---|---|
| പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് കെട്ടിടനിർമ്മാണം (2217-05-51-98) | 300.00 | ജി.ഒ.(ആർ.ടി.)നം.190/ 2019/ത.സ്വ.ഭ.വ. തീയതി 29/01/2019 പ്രകാരം ബഡ്ജറ്റ് വിഹിതമായ 15 കോടി രൂപയുടെ 20% തുകയായ 3 കോടി രൂപ കുറവ് ചെയ്ത് 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| നഗരകാര്യ വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ & ഇ-ഗവേണൻസ് ഇനിഷ്യേറ്റീവ്സ് (2217-80-001-95) | 5.00 | ജി.ഒ.(ആർ.ടി.)നം.1705/ 2018/ത.സ്വ.ഭ.വ. തീയതി 23/06/2018 പ്രകാരം 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിത്തിൽ നിന്നും 5 ലക്ഷം രൂപ കുറവ് ചെയ്ത് 10 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നു. |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (2217-80-800-76) | 108.00 | ജി.ഒ.(ആർ.ടി.)നം.2339/2018/ത.സ്വ.ഭ.വ. തീയതി 01/09/2018 പ്രകാരം 5000/- ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ നിന്നും 108 ലക്ഷം കുറവ് ചെയത് 4892 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നു. |
| ആകെ | Rs.1533/- ലക്ഷം (Rs.15.33 കോടി) | |

3. പരാമർശം (1), (2)സർക്കാർ ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സിന്ധു.എൽ
സ്പെഷ്യൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്.
തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.